**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ റിസ്വി അലി കെ, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. എ1- 240/2023/ജിമെആ പാലക്കാട് തീയതി. 27.02.2023

2.. കാരണം കാണിക്കൽ നോട്ടീസ് നം DHS/7994/2023-EA4 തീയതി 03.03.2025

3 ഉത്തരവ് നം DHS/7994/2023-EA4 തീയതി 18.09.2025

4. ഡോ റിസ്വി അലി കെ സമർപ്പിച്ച അപേക്ഷ തീയതി 26.09.2025

5. DMOH-PKD/5477/2025-A1 തീയതി 19.09.2025

**ഉത്തരവ് നം. DHS/7994/2023-EA4 തീയതി.12-12-2025**

ഡോ റിസ്വി അലി കെ (Dr Rizvi Ali K), 28.01.2023 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. പാലക്കാട് അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 29.01.2023 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി ടിയാളുടെ ലഭ്യമായ മേൽ വിലാസത്തിലേയ്ക്ക് അയച്ചിരുന്നെങ്കിലും ടിയാൾ കൈപ്പറ്റാതെ തപാൽ വകുപ്പ് പ്രസ്തുത നോട്ടീസ് തിരികെ ലഭ്യമാക്കി. ഡോ റിസ്വി

അലി കെ (Dr Rizvi Ali K) യുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ പതിനഞ്ച് ദിവസത്തിനകം ബോധിപ്പിക്കുന്നതിന് ടിയാൾക്ക് ഒരവസരം കൂടി നൽകി കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിനായി പരാമർശം (5) പ്രകാരം ഡോ റിസ്വി അലി കെ അപേക്ഷ സമർപ്പിച്ചു.

(2) ഡോ റിസ്വി അലി കെ (Dr Rizvi Ali K) , അസിസ്റ്റന്റ് സർജൻ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. 28/01/2023-ൽ മെഡിക്കൽ ഫിററ്നെസ്സോടുകൂടി സർവീസിൽ പ്രവേശിച്ച ടിയാൾ 29/01/2023 മുതൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ആരോഗ്യപരമായ കാരണം കാണിച്ചു 29/01/2023 മുതൽ 28/04/2023 വരെ 90 ദിവസത്തെ ശൂന്യവേതന അവധിക്കു അപേക്ഷ സമർപ്പിച്ചത് നിരസിച്ചതായി അഗളി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനുള്ള താത്കാലിക തീരുമാനത്തിനെതിരെ പ്രസക്തമായ വാദവും ബോധിപ്പിക്കുന്നതിന് ഡോ റിസ്വി അലി കെ യ്ക്ക് കഴിഞ്ഞിട്ടില്ല. ടിയാളുടെ അരോഗ്യ അവസ്ഥ പരിഗണിച്ച് ടിയാളുടെ സമീപ സ്ഥലങ്ങളിൽ നിയമനം നൽകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ പരാമർശം (5) ലെ അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല. ടി സാഹചര്യത്തിൽ 28/01/2023-ൽ മെഡിക്കൽ ഫിററ്നെസ്സോടുകൂടി സർവീസിൽ പ്രവേശിച്ച് തൊട്ടടുത്ത ദിവസമായ 29/01/2023 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ റിസ്വി അലി കെ (Dr Rizvi Ali K) അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ റിസ്വി അലി കെ (Dr Rizvi Ali K) അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും

നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 12-12-2025 11:13:30

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Rizvi Ali K,**

**Karappam Veettil, Edavanakkad,**

**Kochi- 682502**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
പാലക്കാട് .
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
സാമൂഹികാരോഗ്യ കേന്ദ്രം അഗളി, പാലക്കാട്.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ